# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1936 08.06.2018 ൽ മറുപടിയ്ക്ക്

## ഗതാഗത നിയമലംഘനങ്ങൾ

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഗതാഗത നിയമം ലംഘിച്ചവരിൽ നിന്നും പിഴയിനത്തിൽ ലഭിച്ച തുകകളുടെയും ഇതിനായി പ്രവർത്തിച്ച സ്ക്വാഡുകളുടെ എണ്ണത്തിന്റെയും വിശദാംശങ്ങൾ നൽകാമോ; | (എ) | 2016-17 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ ലഭിച്ച തുക 43,26,58,548/- രൂപയും ഫീൽഡിൽനിന്നും ശേഖരിച്ച തുക 41,53,40,539/- രൂപയും ആണ്.<br>2017-18 സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ ലഭിച്ച തുക 55,40,16,314/- രൂപയും ഫീൽഡിൽനിന്നും ശേഖരിച്ച തുക 39,85,88,814/- രൂപയും ആണ്. ഇതിൽ വിവിധ ഗതാഗത നിയമ ലംഘനങ്ങൾക്ക് ഈടാക്കിയ തുകയും ഉൾപ്പെടുന്നു. നിലവിൽ 34 സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | സ്ക്വാഡുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടും പിഴവരുമാനത്തിൽ കുറവുണ്ടായ സാഹചര്യമുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | സ്ക്വാഡുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായപ്പോൾ കുറ്റകൃത്യങ്ങളുടെ എണ്ണം കുറഞ്ഞതിനാലും ചെക്ക് റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന കുറ്റകൃത്യങ്ങൾക്ക് പിഴ അടയ്ക്കുവാൻ വാഹന ഉടമകൾ വിസമ്മതിക്കുന്നതുമാണ് പിഴ വരുമാനത്തിൽ കുറവുണ്ടാകാൻ കാരണം. മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ എല്ലാ സേവനങ്ങൾക്കും വാഹനത്തിന്റെ ചെക്ക് റിപ്പോർട്ട് ക്ലിയറൻസ് സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന നിബന്ധന ഏർപ്പെടുത്തിയിരുന്നു. ബഹു: ഹൈക്കോടതി വിധിയെത്തുടർന്ന് ഈ നിബന്ധന പിൻവലിക്കേണ്ടി വന്നതും പിഴ വരുമാനത്തിൽ കുറവു വരുവാൻ കാരണമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്ക്വാഡുകളുടെ എണ്ണം വീണ്ടും കൂട്ടുന്നതിന് അനുമതി നൽകുകയുണ്ടായോയെന്ന് വ്യക്ത മാക്കാമോ; | (സി) | പുതുതായി 51 സ്ക്വാഡുകൾ കൂടി രൂപീകരിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. |
| (ഡി) | സ്ക്വാഡുകളുടെ എണ്ണം വർദ്ധിച്ചിട്ടും പിഴ വരുമാനം വർദ്ധിക്കാത്ത സാഹചര്യം നില നിൽക്കെ വീണ്ടും പുതിയ സ്ക്വാഡുക ൾക്ക് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയത് ലാഭകരമാകില്ലെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | ഭയാനകമാംവണ്ണം വർദ്ധിച്ചുവരുന്ന വാഹന അപക ടങ്ങളും നിയമലംഘനങ്ങളും പരമാവധി കുറച്ചു റോഡ് സുരക്ഷ ഉറപ്പ് വരുത്തുക എന്നതാണ് സ്ക്വാഡു കളുടെ മുഖ്യ ലക്ഷ്യം. സർക്കാർ വരുമാന വർദ്ധന വിനേക്കാൾ ജീവൻ രക്ഷയാണ് എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രധാന കടമയായി നിർണ്ണയി ച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ